**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **24-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | (എ) & (ബി)<br><br>ഈ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>(1). പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (PMFME)<br><br>(2). MSME ഇൻഷ്വറൻസ് പദ്ധതി<br><br>(3). സംരംഭക സഹായ പദ്ധതി (ESS)<br><br>(4). അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റി ക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) പദ്ധതി.<br><br>(5). പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതി.<br><br>(6).പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി<br><br>(7).ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതി.<br><br>(8). മിഷൻ 1000 പദ്ധതി ,<br><br>(9). പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)<br><br>മലപ്പുറം ജില്ലയിൽ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറത്ത് കിൻഫ്രയുടെ വ്യവസായ പാർക്കിന്റെ ഒന്നാംഘട്ട അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി 3.48 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ കാക്കഞ്ചേരി കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെ ജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് 5.17 കോടി രൂപയുടെ പ്രവൃത്തി NHAI വഴി നടത്തി വരികയാണ്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ 50% ത്തോളം പണി പൂർത്തിയായിട്ടുണ്ട്. കാക്കഞ്ചേരി കിൻഫ്ര പാർക്കിന്റെയും കെട്ടിടങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടിയോളം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഡിജി പാക്ക് (DIGI PACK) എന്ന വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി 2.90 കോടി രൂപയുടെ വായ്പസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ജില്ലയിലെ ഓരോ മണ്ഡലത്തിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | <u>(എ) & (ബി)</u><br><br>ഈ സർക്കാരിന്റെ കാലത്ത് മലപ്പുറം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>(1). പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (PMFME)<br><br>(2). MSME ഇൻഷുറൻസ് പദ്ധതി<br><br>(3). സംരഭക സഹായ പദ്ധതി (ESS)<br><br>(4). അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റി ക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) പദ്ധതി.<br><br>(5). പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതി.<br><br>(6).പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പദ്ധതി<br><br>(7).ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതി.<br><br>(8). മിഷൻ 1000 പദ്ധതി ,<br><br>(9). പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)<br><br>മലപ്പുറം ജില്ലയിൽ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറത്ത് കിൻഫ്രയുടെ വ്യവസായ പാർക്കിന്റെ ഒന്നാംഘട്ട അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി 3.48 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ കാക്കഞ്ചേരി കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെ ജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് 5.17 കോടി രൂപയുടെ പ്രവൃത്തി NHAI വഴി നടത്തി വരികയാണ്. പ്രസ്തുത പദ്ധതിയുടെ 50% ത്തോളം പണി പൂർത്തിയായിട്ടുണ്ട്. കാക്കഞ്ചേരി കിൻഫ്ര പാർക്കിന്റെയും |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 2 കോടിയോളം രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ഡിജി പാക്ക് (DIGI PACK) എന്ന വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനായി 2.90 കോടി രൂപയുടെ വായ്പസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ജില്ലയിൽ വനിതകൾക്കായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | വനിതകൾക്കായി മലപ്പുറം ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു :<br><br>(1). പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി (PMFME) പ്രകാരം 153 വനിതകൾക്ക് 18,90,72,211/- രൂപ ബാങ്ക് വായ്പ്പയായി അനുവദിച്ചിട്ടുണ്ട്.<br><br>(2). സംരഭക സഹായ പദ്ധതി (ESS) യിൽ 2021-24 വർഷ കാലയളവിൽ 33 വനിതകൾക്കായി 2,27,41,628/- രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.<br><br>(3). 2021-24 കാലയളവിൽ ആശ പദ്ധതി പ്രകാരം 4 വനിതകൾക്ക് 89785/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് .<br><br>(4). ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി 39 വനിതകൾക്കായി 537732/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>(5). പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി (PMEGP) വഴി 350 വനിതകൾക്കായി 6,12,74,184/- രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വനിതകൾക്കായി വി-മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പത്തു ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള സ്ത്രീ സംരംഭകർക്ക് പരമാവധി 50 ലക്ഷം രൂപ വരെ 7.5% പലിശ നിരക്കിൽ ആറ് വർഷത്തേക്ക് ഈടില്ലാത വായ്പ നൽകി വരുന്നു. നിലവിലുള്ള സംരംഭത്തിന്റെ വിപുലീകരണം, ആധുനികവത്കരണം, സർട്ടിഫിക്കേഷൻ, അക്രഡിറ്റേഷൻ, അനുബന്ധ വൈവിധ്യവത്കരണം മുതലായവയ്ക്കാണ് വായ്പ സഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ